286500/2023/CRU BCDDTVM

സ.ഉ.(അച്ചടി) നം.1/2023/BCDD

Directorate of BCDD
Office Ref. No.

DIRECTORATE OF BACKWARD CLASSES DEVELOPMENT
25 MAR 2023
THIRUVANANTHAPURAM

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ്-പിന്നാക്ക വിഭാഗത്തിൽപ്പെട്ട മറ്റർഹ(ഒ ഇ സി/തത്തുല്യ വിഭാഗം) വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.1/2023/BCDD തീയതി,തിരുവനന്തപുരം, 23-03-2023

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.50/2009/പജപവവിവ തീയതി 02.07.2009.

2. സ.ഉ. (കൈ) നം.10/2014/പി.സ.വി.വ തീയതി 23/05/2014

3. സ.ഉ(അച്ചടി) നം.02/2023/പജപവവിവ തീയതി 05.01.2023.

**ഉത്തരവ്**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട മറ്റർഹ(ഒ ഇ സി)/ തത്തുല്യ) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ട് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതേ ആനുകൂല്യങ്ങൾ 6 ലക്ഷം രൂപ കുടുംബ വാർഷിക വരുമാനത്തിന് വിധേയമായി സൂചന 2 ഉത്തരവിന്റെ അനുബന്ധത്തിൽ പറയുന്ന 30 ഒ.ബി.സി(എച്ച്) വിഭാഗങ്ങൾക്കും ബാധകമാക്കിയിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രമാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി സൂചന 3 പ്രകാരം ഉത്തരവാകുകയും സൂചന 1 ഉത്തരവിലെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. ടി സാഹചര്യത്തിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട മറ്റർഹ/തത്തുല്യ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

**പരിഷ്കരിച്ച മാനദണ്ഡങ്ങൾ**

**(A) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ/പൊതു വ്യവസ്ഥകൾ**

(1) സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട മറ്റർഹ/തത്തുല്യ വിഭാഗം വിദ്യാർഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സാധാരണഗതിയിൽ അനുവദിച്ചു വരുന്നതിന് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് മറ്റേതെങ്കിലും വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹത നേടുന്ന പക്ഷം വിദ്യാർത്ഥികൾ തീരുമാനമെടുത്ത് അഭികാമ്യമായ ഏതെങ്കിലും ഒരു ആനുകൂല്യം മാത്രം വാങ്ങാവുന്നതാണ്.

മെറിറ്റ് അടിസ്ഥാനത്തിലുള്ള മറ്റ് സ്കോളർഷിപ്പുകൾ വാങ്ങുന്നവർക്ക് ഫീസാനുകൂല്യത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(3) വിദ്യാർത്ഥികൾക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(4) ഒരു അക്കാദമിക് വർഷം ഒരു കോഴ്സിനു മാത്രമേ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുകയുള്ളൂ.

(5) ഒരു അക്കാദമിക് വർഷത്തെ തൃപ്തികരമായ പ്രകടനം, 75% ഹാജർ നില എന്നിവയുടെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തേക്ക് പുതുക്കി ( റിന്യൂവൽ) നൽകുന്നതാണ്.

(6) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷയെഴുതാൻ കഴിയാത്ത പക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ നൽകുന്നതാണ്.

(7) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസിലേക്ക് പ്രൊമോട്ട് ചെയ്യുകയും,പിന്നീട് താഴ്ന്ന ക്ലാസിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും , മറ്റു വിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർത്ഥിക്ക് ഉയർന്ന ക്ലാസിലെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(8) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും സ്റ്റേറ്റ് അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും ഒരു തവണത്തേക്കു മാത്രം അനുവദിക്കുന്നതാണ്.

(9) പഠനം ആരംഭിച്ച് രണ്ട് മാസങ്ങൾക്കുള്ളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അപേക്ഷ ഇ-ഗ്രാന്റ്സ് മുഖേന സമർപ്പിച്ചിരിക്കണം.

(10) ഒരു കോഴ്സിന് ഒറ്റത്തവണ മാത്രം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

(11) തെറ്റായ വിവരങ്ങൾ നൽകി ആനുകൂല്യം നേടിയതായി തെളിയുന്ന പക്ഷം വിദ്യാഭ്യാസാനുകൂല്യം റദ്ദാക്കുന്നതും, നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(12) അനുമതിയില്ലാതെ കോഴ്സ്/സ്ഥാപനം എന്നിവ മാറിയാൽ വിദ്യാഭ്യാസാനുകൂല്യം റദ്ദാക്കുന്നതാണ്. ഇത്തരം കേസുകൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>(B) കോഴ്സുകൾ</u>

ചുവടെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അംഗീകൃത സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവിടങ്ങളിലെ എല്ലാ അംഗീകൃത പോസ്റ്റ്മെട്രിക്കുലേഷൻ കോഴ്സുകൾ പഠിക്കുന്നതിന് മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്ക്

വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ (Institutions of National Importance)

(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ (Central University/ State University/ Autonomous Colleges recognized by UGC)

(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)

(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ (All Private Universities recognized by State/Centre)

(5) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ (Private Professional Institutions affiliated to a recognized Central/State University and covered by a Fee Fixation Committee as mandated by Supreme Court)

(6) സർക്കാർ അംഗീകൃത സ്കൂളുകളിലെ 11, 12 കോഴ്സ് (Recognized Schools for Classes XI and class XII)

(7) കേന്ദ്ര /സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ (Diploma granting Institutions as recognised by State/Central Governments)

(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ ,സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ് / അംഗീകരിച്ച ആയ കോഴ്സ്/ സ്ഥാപനങ്ങൾ (Institutions/Course affiliated/approved by the appropriate bodies like NMC/AICTE etc. or any other regulatory body established by State/Central/Centre)

(9) NCVT യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (Vocational training institutes affiliated to National Council for Vocational Training (NCVT) )

<u>(C) വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

1. AISHE Code / UDISE Code ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ വിദ്യാഭ്യാസാനുകൂല്യത്തിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

2 സ്ഥാപനം National Scholarship Portal ൽ രജിസ്റ്റർ ചെയ്തിരിക്കണം.

3. 2024 ന മുമ്പ് NAAC/NBA അക്രഡിറ്റേഷൻ നേടാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. സ്ഥാപനങ്ങളിൽ ആധാർ അധിഷ്ഠിത അറ്റൻഡൻസ് സിസ്റ്റം നടപ്പിലാക്കുകയും അത് വിദ്യാഭ്യാസാനുകൂല്യം പോർട്ടലുമായി ലിങ്ക് ചെയ്യേണ്ടതാണ്.

5. സംസ്ഥാന സർക്കാർ വിദ്യാർത്ഥിക്ക നൽകുന്ന Freeship Card അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ അഡ്മിഷൻ നൽകേണ്ടതുമാണ്.

(D) വിദ്യാർത്ഥികളുടെ അർഹത

D1. സംസ്ഥാനത്തിനകത്തുള്ള പഠനം

1. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നൽകുന്നവർക്ക് മാത്രം വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

2. യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

3. സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന മറ്റർഹ/തത്തുല്യ വിഭാഗം വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

4. അംഗീകൃത സ്ഥാപനങ്ങളിൽ ഗവേഷണ പഠനം നടത്തുന്ന എം-ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

D 2. ഇതര സംസ്ഥാന പഠനം

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേന്ദ്ര യൂണിവേഴ്സിറ്റികളിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ജോലി സംബന്ധമായി താല്ക്കാലികമായി ഇതര സംസ്ഥാനത്ത് താമസമാക്കിയവരുടെ മക്കൾക്ക് അതാത് സംസ്ഥാനങ്ങളിലെ/കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാർ കോളേജുകളിൽ മെറിറ്റ്/റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(E) വിദ്യാഭ്യാസാനുകൂല്യം - നിരക്ക്/വിതരണം

1. ചുവടെ പറയും പ്രകാരം രണ്ടു ഘടകങ്ങളായാണ് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നത്.

a. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees.

b. സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ്(ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്).

2. വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കായിരിക്കും അനുവദിച്ചു നൽകുന്നത്. ഇ-ഗ്രാന്റ്സ് അനുവദിച്ച വിവരം അതത് സ്ഥാപനങ്ങളെ അറിയിക്കുന്നതാണ്. അനുവദിക്കുന്ന തുക അക്കൗണ്ടിൽ ക്രെഡിറ്റായി ഒരാഴ്ചയ്ക്കകം തന്നെ വിദ്യാർത്ഥികൾ സ്ഥാപനത്തിന് കൈമാറേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന വിദ്യാർത്ഥികൾക്കുള്ള തുടർ വിദ്യാഭ്യാസാനുകൂല്യങ്ങൾ പ്രത്യേകം അറിയിപ്പ് കൂടാതെ തന്നെ റദ്ദ് ചെയ്യുന്നതും അനുവദിച്ച തുക സർക്കാർ നിശ്ചയിക്കുന്ന പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതുമാണ്.

3. സംസ്ഥാന യൂണിവേഴ്സിറ്റികൾ, IGNOU എന്നിവ വഴിയുള്ള വിദൂര/ഓൺലൈൻ/പാർട്ട് ടൈം/ഈവനിംഗ് കോഴ്സുകൾക്ക് ഖണ്ഡിക F(1) (a) പ്രകാരമുള്ള ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ. ഖണ്ഡിക E(1) (b) പ്രകാരമുള്ള സംസ്ഥാന അക്കാദമിക് അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

<u>F. ഫെലോഷിപ്പ് നിരക്ക്</u>

1. PhD, MPhil, MTech, Mlit തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി/ ഗേറ്റ് പാസാകാത്ത വിദ്യാർഥികൾക്ക് യു.ജി.സി കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും സംസ്ഥാന ധനസഹായമായി അനുവദിക്കുന്നതാണ്. ഫെലോഷിപ്പ് കണ്ടിജന്റ് ഗ്രാന്റ് ലഭിക്കുന്ന വിദ്യാർഥികൾക്ക് ഖണ്ഡിക D(1)(b) യിൽ പരാമർശിക്കുന്ന സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ലഭിക്കുന്നതല്ല.

2. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ PhD, MPhil, MTech, M lit എന്നീ കോഴ്സുകൾക്കു പഠിക്കുന്ന UGC/GATE/NET യോഗ്യതാ പരീക്ഷ പാസാകാത്ത മറ്റർഹ വിഭാഗം വിദ്യാർഥികൾക്ക് ഇവ പാസായ വിദ്യാർഥികൾക്കു നൽകുന്ന ഫെലോഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ് എന്നിവയുടെ 75% നിരക്കിലുള്ള തുക നൽകുന്നതാണ്. UGC/AICTE എന്നിവ ഫെലോഷിപ്പ് നൽകുന്ന കോഴ്സുകൾക്കു മാത്രമാണ് 75% നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നത്. UGC/AICTE ഫെലോഷിപ്പുകൾ നൽകാത്ത മറ്റൊരു കോഴ്സിനും വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല.

( 3 ) എം.ഫിൽ, പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു.ജി.സി

പാസാകാത്തവരുമായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസും, ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസും ആണ്.

<u>(G) ഫ്രീഷിപ്പ് കാർഡ്</u>

കേന്ദ്ര/ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീഷിപ്പ് കാർഡ് അനുവദിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് നൽകുന്ന Freeship Card അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതാണ്.

1) ഫ്രീഷിപ്പ് കാർഡിനായി വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ/ വിദ്യാഭ്യാസാനുകൂല്യം പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി മുഴുവൻ സമയവും പോർട്ടൽ ലഭ്യമാകുന്നതാണ്. രജിസ്ട്രേഷനായി പാസ്പോർട്ട് സൈസ് ഫോട്ടോ, പാസായിട്ടുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമാകുന്നതാണ്.

2. രജിസ്ട്രേഷൻ പരിശോധന പ്രക്രിയ പൂർത്തിയാക്കി 30 ദിവസത്തിനകം ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി ഫ്രീഷിപ്പ് കാർഡ് നൽകുന്നതാണ്. ഇത് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

3. വിദ്യാർത്ഥികൾക്ക് നൽകുന്ന Freeship Card അംഗീകരിച്ച് മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതും , അന്നേ ദിവസം തന്നെ ഇ-ഗ്രാന്റ്സ് പോർട്ടൽ പരിശോധിച്ച് ആധികാരികത ഉറപ്പ് വരുത്തേണ്ടതുമാണ്.

4. വിദ്യാഭ്യാസാനുകൂല്യം ലഭ്യമായി ഒരാഴ്ചക്കകം സ്ഥാപനങ്ങൾക്ക് ഒടുക്കേണ്ട തുക വിദ്യാർത്ഥികൾ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

5. വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്ന വിവരം യഥാസമയം സ്ഥാപനത്തെ അറിയിക്കുന്നതും, വിദ്യാർത്ഥികൾ ഒരാഴ്ചക്കകം തുക ഒടുക്കിയിട്ടുണ്ടെന്ന് സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതുമാണ്

6. ഫ്രീഷിപ്പ് കാർഡ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഡയറക്ടർമാർ സ്വീകരിക്കുന്നതാണ്.

<u>H. സർക്കാർ ജീവനക്കാരുടെ പഠനം ,വിദ്യാഭ്യാസാനുകൂല്യം എന്നിവക്കുള്ള വ്യവസ്ഥകൾ</u>

1. സർക്കാർ ജീവനക്കാരായ വിദ്യാർഥികൾ പാർട്ട് ടൈം കോഴ്സ് ചെയ്യുന്നവരാണെങ്കിൽ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ക്ലാസ് IV ജീവനക്കാർക്ക് ഇത് ബാധകമല്ല.

2. സർക്കാർ ജീവനക്കാർക്ക് അവരുടെ സർവീസിനോ സർവീസുമായി ബന്ധപ്പെട്ട ഉന്നത തൊഴിൽ ലഭിക്കുന്നതിനോ ഗുണകരമാണെങ്കിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഉന്നത പഠനം നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്.

a. മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടുന്നവർക്ക് മാത്രമേ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുകയുള്ളൂ.

b. സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോഴ്സ് ഫീസ് മാത്രമേ അനുവദിക്കുകയുള്ളൂ. അക്കാഡമിക് അലവൻസുകൾ ലഭിക്കുന്നതല്ല.

c. ഈ ആനുകൂല്യം സർവീസിൽ ഒറ്റത്തവണ ഒരു കോഴ്സിനു മാത്രമേ ലഭിക്കുകയുള്ളൂ.

d. കോഴ്സ് കാലയളവിലെ ശമ്പളമോ മറ്റ് അലവൻസുകളോ ഭാവിയിൽ റീ- ഇംബേഴ്സ് ചെയ്തു നൽകുന്നതല്ല എന്നുറപ്പ് വരുത്തി സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ വ്യവസ്ഥകൾക്ക് 2022-23 വർഷം മുതൽ പ്രാബല്യമുണ്ടായിരിക്കും. സ.ഉ (അച്ചടി) നം. 50/2009/പ.ജ.പ.വ.വി.വ തീയതി 02.07.2009 ൽ പരാമർശിച്ചിട്ടുള്ള പ്രീമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളജ് വിദ്യാഭ്യാസം, എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രിമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളജ് വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ സ.ഉ (അച്ചടി) നം. 50/2009/പ.ജ.പ.വ.വി.വ തീയതി 02.07.2009 ലെ ഉത്തരവിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ,പിന്നാക്കവിഭാഗവികസനവകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
ഡയറക്ടർ,പട്ടികജാതിവികസനവകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ,പട്ടികവർഗവികസനവകുപ്പ്,തിരുവനന്തപുരം.
സാങ്കേതികവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹോമിയോപ്പതിക് ഡയറക്ടർ,തിരുവനന്തപുരം.
ഭാരതീയചികിത്സാവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ,പിന്നാക്കവിഭാഗവികസന കോർപ്പറേഷൻ,തിരുവനന്തപുരം.
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും (പിന്നാക്കവിഭാഗവികസനവകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മീഷണർ, KEAM
ധനകാര്യ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
റവന്യൂ വകുപ്പ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ